# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **06.02.2019-ൽ മറുപടിക്ക്**

**നമ്പർ.1915**

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

**ചോദ്യം**

**ശ്രീ. സി. ദിവാകരൻ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | 30.06.2016 ന് നിലവിലുള്ളതും 30.12.2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31.12.2016 വരെ ആറു മാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31.12.2016-ന് നിലവിലുള്ളതും 29.06.2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ 30.06.2017 വരെയും വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ചിരുന്നു. |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിൽ (Autonomous Bodies) നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് നിയമനം ലഭിക്കുമ്പോൾ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളിലെ സേവന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മറ്റ് സർക്കാർ വകുപ്പുകളിലേയ്ക്ക് നിയമനം ലഭിയ്ക്കുമ്പോൾ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളിലെ സേവന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ വ്യവസ്ഥയില്ല. കൂടാതെ 01.04.2013-നു ശേഷം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്നവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുന്നത്. മാത്രമല്ല കെ.എസ്.ആർ ഭാഗം 3, ചട്ടം 20 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനു മുൻപുള്ള പി.എസ്.യു, സ്വയംഭരണാധികാര സ്ഥാപനങ്ങളിലോ സമാന സ്ഥാപനങ്ങളിലോ ഉള്ള സർവ്വീസ് പെൻഷനോ പെൻഷനറി ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ